(ബി) പ്രസ്തുത നിർദ്ദേശം പൂരിപ്പിച്ച എസ്റ്റിമേറ്റ് സഹിതമുള്ള അപേക്ഷയായി വീണ്ടും സമർപ്പിക്കുകയാണെങ്കിൽ നടപ്പ് സാമ്പത്തിക വർഷത്തെ സ്പിൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിനായി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾക്ക് പാട്ടത്തിന് ലഭിച്ച സർക്കാർ ഭൂമി

293 (3115) ശ്രീ. വി., എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്സ്/ഗെയിംസ് അസോസിയേഷനുകൾക്ക് സർക്കാർ ഭൂമി പാട്ടത്തിന് നൽകാറുണ്ടോ ; എങ്കിൽ അത്തരത്തിൽ എത്ര അസോസിയേഷനുകൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ;

(ബി) ഇതിൽ എത്ര അസോസിയേഷനുകൾ പാട്ടത്തിൽ ലഭിച്ച ഭൂമി അസോസിയേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ചും സർക്കാർ നിയമങ്ങൾക്കനുസരിച്ചും വിനിയോഗിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം അറിയിക്കുമോ ;

(സി) ഇവയിൽ എത്രയെണ്ണം കൈമാറ്റം ചെയ്തിട്ടുണ്ടെന്നും എത്രയെണ്ണം കമേഴ്സ്യൽ പർപ്പസിനുവിട്ടുനൽകിയിട്ടുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട് ;

(ഡി) ഇതുസംബന്ധിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ ഏറ്റവും ഒടുവിൽ പരിശോധന നടന്നത് എന്നാണെന്നും അതിന്റെ വിവരങ്ങളും അറിയിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക സംഘടനകൾക്കൊന്നും കൗൺസിലിൽനിന്നും ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly